# ഉള്ളടക്കം


1. ആമുഖം ..... 4
2. പൊതുവ്യവസ്ഥകൾ ..... 4
3. രചനാമത്സരങ്ങൾ ..... 5
4. സ്ഥാപന തല മത്സരങ്ങൾ ..... 6
5. മേഖലാതല മത്സരങ്ങൾ ..... 6
6. സംസ്ഥാന സ്കൂൾ കലോത്സവം ..... 7
7. ട്രോഫികൾ സമ്മാനങ്ങൾ ..... 8
8. വിധിനിർണ്ണയം ..... 9
9. സ്ഥാനവുംഗ്രേഡും (ഗ്രൂപ്പ് & വ്യക്തിഗത ഇനങ്ങൾ) ..... 9
10. പോയിന്റ് കണക്കാക്കുന്ന രീതി ..... 10
11. പൊതുവായ നിർദേശങ്ങൾ ..... 10
12. സ്വാഗത സംഘം ..... 16
13. സ്വാഗത സംഘം പിരിച്ചുവിടൽ ..... 22
14. പട്ടിക - 1, നഴ്സറി കലാമേള ..... 23
15. പട്ടിക - 2, എൽ.പി വിഭാഗം ..... 24
16. പട്ടിക - 3, യു.പി വിഭാഗം ..... 25
17. പട്ടിക - 4, ഹൈസ്കൂൾ വിഭാഗം ..... 26
18. പട്ടിക - 5, ഹയർ സെക്കന്ററി വിഭാഗം ..... 27
19. പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ..... 28

# മജ്‌ലിസു തഅ്‌ലീമിൽ ഇസ്‌ലാമി, കേരള

## മജ്‌ലിസ് ഫെസ്റ്റ് 2010_2011

## ( നഴ്സറി കലാ മേള, മേഖലാ തല സ്കൂൾ & സംസ്ഥാന സ്കൂൾ കലോത്സവം)

# നിയമാവലി

## 1) ആമുഖം

മജ്‌ലിസിൽ അഫിലിയേറ്റു ചെയ്ത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വൈജ്ഞാനിക-കലാ-സാഹിത്യ രംഗങ്ങളിലെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും വളർത്തിയെടുക്കുകയുമാണ് മജ്‌ലിസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കലാ-സാഹിത്യ-വൈജ്ഞാനിക മത്സരങ്ങളുടെ പ്രധാന ലക്ഷ്യം. വിദ്യാർത്ഥികളിൽ സാഹോദര്യം, സമഭാവന എന്നീ ഉത്തമ ഗുണങ്ങളും, മൂല്യങ്ങളും കരുപ്പിടിപ്പിക്കാനുതകുന്നതും നിർമാണാത്മക കഴിവുകൾ വികസിപ്പിക്കാൻ സഹായിക്കുന്നതുമായിരിക്കും മത്സര ഇനങ്ങളെല്ലാം. ദൈവനിഷേധം, അന്ധവിശ്വാസം, അനാശാസ്യത എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്ന പരിപാടികൾ അവതരിപ്പിക്കാൻ പാടുള്ളതല്ല. മത്സരങ്ങളിൽ ക്രിയാത്മകമായും മാന്യമായും പങ്കെടുക്കുകയെന്നതാണ് അവയിൽ വിജയം നേടുന്നതിനേക്കാൾ പ്രധാനം.

## 2) പൊതു വ്യവസ്ഥകൾ

- ☐ മജ്‌ലിസിൽ അഫിലിയേറ്റു ചെയ്ത സ്കൂളുകളിലെ നഴ്സറി വിദ്യാർത്ഥീ - വിദ്യാർത്ഥിനികൾക്ക് നഴ്സറി കലാമേളയിലും ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥീ - വിദ്യാർത്ഥിനികൾക്ക് മേഖലാ തല സ്കൂൾ കലോത്സവത്തിലും പങ്കെടുക്കാവുന്നതാണ്
- ☐ എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെയും പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെയും വിദ്യാർഥീ-വിദ്യാർഥിനികൾക്ക് സംസ്ഥാന സ്കൂൾ കലോത്സവത്തിലും പങ്കെടുക്കാവുന്നതാണ്.
- ☐ നഴ്സറി കലോത്സവം, മേഖലാ സ്കൂൾ കലോത്സവം എന്നിവ സ്ഥാപന തലം, മേഖലാ തലം എന്നിങ്ങനെ രണ്ട് തലത്തിലും സംസ്ഥാന സ്കൂൾ കലോത്സവം സ്ഥാപന തലം, മേഖലാ തലം (ഹയർ സെക്കന്ററി ഒഴികെ) സംസ്ഥാന തലം എന്നിങ്ങനെ മൂന്ന് തലത്തിലുമായിരിക്കും.
- ☐ സ്കൂൾ വിദ്യാർത്ഥികളെ LP(1-4) UP (5-7) HS (8-10) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കുന്നതാണ്. LP വിഭാഗത്തിൽ ചില മത്സര ഇനങ്ങൾ ഒന്ന്,രണ്ട് ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി നിശ്ചയിച്ചിരിക്കുന്നു.
- ☐ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മത്സരം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ചില ഇനങ്ങൾ ആൺകുട്ടികൾക്കും ചിലത് പെൺകുട്ടികൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. നഴ്സറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും, LP വിഭാഗത്തിലെ 1,2 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഗ്രൂപ്പിനങ്ങളിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് പങ്കെടുക്കാവുന്നതാണ്. എന്നാൽ ബാക്കി ഒരു വിഭാഗത്തിലും ഇത് അനുവദനീയമല്ല.
- ☐ ഒരു വിദ്യാർഥിക്ക് മൂന്ന് വ്യക്തിഗത ഇനങ്ങളും രണ്ട് ഗ്രൂപ്പിനങ്ങളുമടക്കം പരമാവധി അഞ്ച് ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

- ☐ എല്ലാ തലങ്ങളിലുമുള്ള മത്സരങ്ങളുടെയും മത്സര നിയമങ്ങൾ, മൂല്യ നിർണയോപാധികൾ, ഫലപ്രഖ്യാപനം തുടങ്ങിയവ ഈ നിയമാവലി പ്രകാരമായിരിക്കും.
- ☐ സ്ഥാപന തല മത്സരങ്ങൾ 2010 സെപ്തംബർ 15 നും ഒക്ടോബർ 15 നുമിടക്കും മേഖലാതല മത്സരങ്ങൾ താഴെ പറയും പ്രകാരവും നടത്തുന്നതാണ്.

| | | |
|---|---|---|
| 2010 നവംബർ 27 | ഉത്തരമേഖല | മൗണ്ട് ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ ഉളിയിൽ , കണ്ണൂർ. |
| 2010 ഡിസംബർ 04 | മധ്യ മേഖല | റഹ്മാനിയ ഹൈസ്കൂൾ മമ്പാട് ,മലപ്പുറം. |
| 2010 ഡിസംബർ18 | ദക്ഷിണ മേഖല | അൽ ഹുദ ഇംഗ്ലീഷ് സ്കൂൾ നീർക്കുന്നം ,ആലപ്പുഴ |
| **2011 ജനുവരി 15 സംസ്ഥാന സ്കൂൾ കലോത്സവം നാഷണൽ ഹുദ സെൻട്രൽ സ്കൂൾ ഒരുമനയൂർ ,തൃശൂർ** | | |

- ☐ ഓരോ വിഭാഗത്തിനുമുള്ള മത്സരഇനങ്ങൾ അവസാന പേജുകളിൽ പട്ടികയായി ചേർത്തിട്ടുണ്ട്. ഓരോ ഇനത്തിനും അനുവദിക്കപ്പെട്ട സമയം, പങ്കെടുക്കാവുന്നവരുടെ എണ്ണം, ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകമുള്ള മത്സരങ്ങൾ എന്നിവ പട്ടികയിൽ ചേർത്ത പ്രകാരമായിരിക്കും.
- ☐ മേഖലാ തല/ സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ വിദ്യാലയവും കുട്ടികളുടെ മേൽനോട്ടത്തിനായി പത്ത് പേർക്ക് ഒരാൾ എന്ന തോതിൽ അധ്യാപകരെ എസ്കോർട്ടിംഗ് സ്റ്റാഫായി നിയമിക്കേണ്ടതാണ്. സംഘത്തിൽ പെൺകുട്ടികൾ ഉണ്ടെങ്കിൽ പത്ത് പേർക്ക് ഒരാൾ എന്ന തോതിൽ അധ്യാപികമാരെയും നിയമിക്കേണ്ടതാണ്. നഴ്സറി വിഭാഗത്തിൽ ഈ അനുപാതം അഞ്ച് വിദ്യാർത്ഥികൾക്ക് ഒരാൾ എന്ന തോതിലായിരിക്കും.
- ☐ മേഖലാ തല/ സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ വിദ്യാലയവും വിദ്യാലയത്തിന്റെ ടീമിന് ഒരു ടീം മാനേജരെ നിശ്ചയിക്കേണ്ടതാണ്. സംഘാടക സമിതിയുമായി ബന്ധപ്പെടാനുള്ള ഉത്തരവാദിത്തം ടീം മാനേജർക്കായിരിക്കും.

## 3) രചനാമത്സരങ്ങൾ

- ☐ നഴ്സറി വിഭാഗം രചനാമത്സരങ്ങൾ മേഖലാ തല കലാമേളയുടെ അതേ വേദിയിൽ വെച്ചു തന്നെ നടക്കുന്നതാണ്. എൽ.പി, യു.പി, എച്ച്.എസ് വിഭാഗങ്ങളുടെ രചനാ മത്സരങ്ങൾ 2010 നവംബർ 23 (ചൊവ്വ) താഴെ ചേർത്തകേന്ദ്രങ്ങളിൽ നടക്കുന്നതാണ്.

| | |
|---|---|
| **കണ്ണൂർ,കാസർകോഡ് ജില്ലകൾ** | : കൗസർ ഇംഗ്ലീഷ് സ്കൂൾ, പുല്ലൂപ്പികടവ് , കണ്ണൂർ. |
| **കോഴിക്കോട്, വയനാട് ജില്ലകൾ** | : ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ, കൊടുവള്ളി. |
| **മലപ്പുറം ജില്ല** | : ദാറുൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ പെരിന്തൽമണ്ണ, അൽഫുർഖാൻ ഇംഗ്ലീഷ് സ്കൂൾ, ശാന്തി വയൽ, എ. ആർ നഗർ |
| **തൃശൂർ, പാലക്കാട് ജില്ലകൾ** | : അൽ ഇസ്ലാഹ് ഇംഗ്ലീഷ് സ്കൂൾ, കേച്ചേരി. തൃശൂർ |
| **എറണാകുളം, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം ജില്ലകൾ** | : ഫ്രൈഡേ ക്ലബ്ബ് ഓഡിറ്റോറിയം എറണാകുളം. |

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ രചനാമത്സരങ്ങൾ 2010 ഡിസംബർ 29 ന് ഗൈഡൻസ് സെന്റർ, ചങ്ക്വെട്ടി, കോട്ടക്കൽ, അൽ ഇസ്ലാഹ് ഇംഗ്ലീഷ് സ്കൂൾ, കേച്ചേരി. തൃശൂർ എന്നിവടങ്ങളിൽ നടക്കുന്നതാണ്.

## 4) സ്ഥാപനതല മത്സരങ്ങൾ

- ☐ സ്ഥാപന തലത്തിൽ മത്സരം നടത്തി ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്ന ഇനമാണ് മേഖലാതല മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ☐ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് മുമ്പ് പങ്കെടുക്കുന്ന വിദ്യാർത്ഥീ - വിദ്യാർത്ഥിനികൾ പേര് രജിസ്റ്റർ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അറിയിപ്പ് സ്കൂളിൽ നിന്ന് എല്ലാ രക്ഷിതാക്കൾക്കും അയക്കേണ്ടതാണ്. മത്സര ഇനങ്ങളും, രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതിയും അറിയിപ്പിൽ കാണിച്ചിരിക്കണം.
- ☐ കൂടാതെ, മത്സരം സംബന്ധിച്ച് ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ അറിയിപ്പ് സ്ഥാപന നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.
- ☐ സ്ഥാപനതല മത്സരങ്ങളിൽ വിജയികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യേണ്ടത് അതത് സ്ഥാപനങ്ങളാണ്.
- ☐ സ്ഥാപന തല മത്സരങ്ങളിൽ ഗ്രേഡോടു കൂടി ഒന്നാം സ്ഥാനം നേടിയവർക്ക് മേഖലാതല മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. യോഗ്യത നേടിയവരുടെ ലിസ്റ്റ് നിശ്ചിത എൻട്രി ഫോറത്തിൽ പൂരിപ്പിച്ച് തയ്യാറാക്കി 2010 ഒക്ടോബർ 18 ന് രാവിലെ 11 മണിക്ക് താഴെ ചേർത്ത കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്. എൻട്രിഫോറത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി സ്വീകരിക്കുന്നതല്ല. ഹയർ സെക്കന്ററി വിഭാഗത്തിൽ യോഗ്യത നേടിയവരുടെ ലിസ്റ്റ് നിശ്ചിത എൻട്രിഫോറത്തിൽ പൂരിപ്പിച്ച് ഈ ദിവസം തന്നെ സമർപ്പിക്കേണ്ടതാണ്.

  **കണ്ണൂർ,കാസർകോഡ് ജില്ലകൾ:** കൗസർ കോംപ്ലക്സ്, കണ്ണൂർ.
  **കോഴിക്കോട്, വയനാട് ജില്ലകൾ:** മജ്ലിസ് ഓഫീസ്, കോഴിക്കോട്.
  **മലപ്പുറം ജില്ല :** ഫലാഹിയാ കോളേജ്, മലപ്പുറം.
  **തൃശൂർ, പാലക്കാട് ജില്ലകൾ:** ഹാശ്മി ടവർ, തൃശൂർ
  **എറണാകുളം, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം ജില്ലകൾ:** ദഅ്വാ സെന്റർ, എറണാകുളം
- ☐ മാനേജ്മെന്റ് കമ്മറ്റി പ്രതിനിധിയും സ്ഥാപന പ്രിൻസിപ്പാളും ഉൾപ്പെട്ട ഒരു സ്ക്രീനിങ്ങ് കമ്മറ്റിയുടെ മുന്നിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയ പരിപാടികളാണ് അവതരിപ്പിക്കേണ്ടത്.

## 5) മേഖലാതല മത്സരങ്ങൾ

- ☐ സ്ഥാപനതല മത്സരത്തിൽ ഗ്രേഡോടു കൂടി ഒന്നാം സ്ഥാനം നേടിയവർക്കു മാത്രമേ മേഖലാതല മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.
- ☐ ഓരോ മേഖലയിലും ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനു അതാതു മേഖലയിലെ പ്രിൻസിപ്പാൾമാരിൽ നിന്നു അഞ്ച് പേരടങ്ങുന്ന ഓർഗനൈസിംഗ് കമ്മറ്റി രൂപീകരിക്കുന്നതാണ്. മജ്ലിസ് സെക്രട്ടറി ഓർഗനൈസിംഗ് കമ്മറ്റിയുടെ ചെയർമാനായിരിക്കും.
- ☐ നിയമാവലിയിൽ നിർണയിച്ചിട്ടുള്ള തരത്തിൽ ട്രോഫികളും, സമ്മാനങ്ങളും, സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

## 6) സംസ്ഥാന സ്കൂൾ കലോത്സവം

- ☐ മജ്‌ലിസിൽ അഫിലിയേറ്റു ചെയ്ത സ്കൂളുകളിലെ ഹൈസ്ക്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലെ സ്ഥാപന/മേഖലാ തല മത്സരങ്ങളിൽ അർഹത നേടിയ വിദ്യാർത്ഥികൾക്ക് മജ്‌ലിസ് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്.
- ☐ ഈ നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള എല്ലാ നിയമങ്ങളും നിർദേശങ്ങളും മജ്‌ലിസ് സംസ്ഥാന സ്കൂൾ കലോത്സവത്തിനും ബാധകമാകുന്നതാണ്.
- ☐ ഹയർസെക്കന്ററി വിഭാഗത്തിന് മത്സരം സ്ഥാപന തലം, സംസ്ഥാനതലം എന്നിങ്ങനെ രണ്ട് തലങ്ങളിലും ഹൈസ്ക്കൂൾ വിഭാഗത്തിന് മത്സരം സ്ഥാപന തലം, മേഖലാ തലം, സംസ്ഥാനതലം എന്നിങ്ങനെ മൂന്ന് തലങ്ങളിലുമായിരിക്കും .
- ☐ ഹയർസെക്കന്ററി വിഭാഗത്തിൽ സ്ഥാപന തല മത്സരത്തിൽ ഗ്രേഡോടുകൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഇനങ്ങളാണ് സംസ്ഥാന കലോത്സവത്തിൽ അവതരിപ്പിക്കേണ്ടത്. ഹൈസ്ക്കൂൾ വിഭാഗത്തിൽ മേഖലാ തല മത്സരത്തിൽ ഗ്രേഡോടുകൂടി ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഇനങ്ങളാണ് സംസ്ഥാന കലോത്സവത്തിൽ അവതരിപ്പിക്കേണ്ടത്.
- ☐ ഹൈസ്ക്കൂൾ വിഭാഗത്തിൽ മേഖലാ തല മത്സരത്തിൽ ഗ്രേഡോടുകൂടി ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി സംസ്ഥാന കലോത്സവത്തിലേക്ക് യോഗ്യത നേടിയവരുടെ ലിസ്റ്റ മേഖലാ തല മത്സരം അവസാനിച്ച് രണ്ട് ദിവസത്തിനകം മേഖലാ പ്രോഗ്രാം കൺവീനർ മജ്‌ലിസിന് സമർപ്പിക്കേണ്ടതാണ്.
- ☐ സംസ്ഥാന സ്കൂൾ കലോത്സവം മജ്‌ലിസ് നേരിട്ട് സംഘടിപ്പിക്കുന്നതും വിജയികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യുന്നതുമാണ്.

## 7) ട്രോഫികൾ, സമ്മാനങ്ങൾ

### മേഖലാ ഫെസ്റ്റ്

| ട്രോഫികൾ | മേഖലാ തലം | സംസ്ഥാനതലം |
|---|---|---|
| 1) ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന നഴ്സറിക്ക് | ഒന്ന് | |
| 2) പോയിന്റിൽ രണ്ടാം സ്ഥാനം നേടുന്ന നഴ്സറിക്ക് | ഒന്ന് | |
| 3) ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സ്കൂളിന് (എൽ.പി + യു.പി +എച്ച്.എസ്) | ഒന്ന് | |
| 4) പോയിന്റിൽ രണ്ടാം സ്ഥാനം നേടുന്ന സ്കൂളിന് (എൽ.പി + യു.പി +എച്ച്.എസ്) | ഒന്ന് | |
| 5) എൽ.പി.,യു.പി,എച്ച്.എസ് എന്നീ ഒരോ വിഭാഗത്തിലും കൂടുതൽ പോയിന്റ് നേടുന്ന സ്കൂളുകൾക്ക് | 1+1+1 | |
| **സംസ്ഥാന ഫെസ്റ്റ്** 6) സംസ്ഥാന സ്കൂൾ കലോത്സവത്തിൽപോയന്റിൽ ഒന്നാം സ്ഥാനവും രണ്ടാംസ്ഥാനവും കരസ്ഥമാക്കുന്ന സ്കൂളുകൾക്ക് (എച്ച്. എസ്.എസ് +എച്ച്.എസ്) | | 1+1 |
| 7) എച്ച്. എസ്.എസ്,എച്ച്.എസ്, എന്നീ ഒരോ വിഭാഗത്തിലും കൂടുതൽ പോയിന്റ് നേടുന്നസ്കൂളുകൾക്ക് | | 1+1 |
| **ആകെ ട്രോഫികൾ** | **ഏഴ്** | **നാല്** |

- ☐ ഓരോ ഇനത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും മൂന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നതാണ്.
- ☐ നഴ്സറി കലാമേളയും സ്കൂൾ കലോത്സവവും വ്യത്യസ്തമായി കണക്കാക്കുന്നതാണ്. നഴ്സറിക്ക് ലഭിക്കുന്ന പോയിന്റുകൾ സ്കൂളിന് ലഭിക്കുന്ന ആകെ പോയിന്റിൽ ചേർക്കുന്നതല്ല.
- ☐ നഴ്സറി കലാമേളയിൽ ഓരോ ഇനത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർഥികൾക്കും പാർടിസിപ്പന്റ് സർട്ടിഫിക്കറ്റും നൽകുന്നതാണ്.
- ☐ വിജയികൾക്കും, സ്കൂളകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും മത്സര ദിവസം തന്നെ സ്വീകരിക്കേണ്ടതാണ്. പിന്നീട് അവ വിതരണം ചെയ്യുന്നതല്ല.

## 8) വിധിനിർണ്ണയം

- ☐ മത്സരങ്ങളുടെ എല്ലാതലത്തിലും മത്സരം വിലയിരുത്തുന്നതിന് യോഗ്യരായവരെ ജഡ്ജിമാരായി നിയമിക്കുന്നതാണ്.
- ☐ ഒരു ഇനം വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെയായിരിക്കണം.
- ☐ ഒരു ഇനം വിലയിരുത്തുന്നതിന് 3 പേരെ ജഡ്ജിമാരായി നിയമിക്കണം.
- ☐ മത്സരം കഴിഞ്ഞാലുടൻ സ്റ്റേജ് മാനേജർമാർ ജഡ്ജിമാരുടെ സാന്നിധ്യത്തിൽ മാർക്ക് ടാബുലേറ്റ് ചെയ്ത് അവിടെവെച്ച് തന്നെ ജഡ്ജിമാരിലൊരാൾ ഫലപ്രഖ്യാപനം നടത്തേണ്ടതാണ്.
- ☐ ഓരോ തലത്തിലുമുള്ള മത്സരങ്ങളുടെ വിധിനിർണ്ണയത്തിന് ജഡ്ജിമാരുടെ പാനൽ മുൻകൂട്ടി തയ്യാറാക്കുകയും അതിൽനിന്ന് ഓരോ മത്സര ഇനത്തിനുമുള്ള ജഡ്ജിമാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്. സംസ്ഥാന തല മത്സരത്തിനുള്ള ജഡ്ജിമാരെ നിയമിക്കുന്നത് മജ്‌ലിസ് നേരിട്ടായിരിക്കും. സ്കൂൾ തലത്തിൽ സ്ഥാപന മേധാവിയും, മേഖലാ തലത്തിൽ മേഖലാ കൗൺസിൽ കൺവീനറും പ്രോഗ്രാം കൺവീനറും ചേർന്ന കമ്മറ്റിയുമായിരിക്കും ജഡ്ജിമാരെ നിയമിക്കുന്നത്.
- ☐ മത്സരത്തിന് മുമ്പ് ജഡ്ജിമാർക്ക് ഈ നിയമാവലിയിൽ കൊടുത്തിട്ടുള്ള മൂല്യനിർണ്ണയോപാധികൾ നൽകേണ്ടതാണ്.
- ☐ മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ അതത് ഇനത്തിലുള്ള പ്രകടനത്തിന്റെ വിവിധ വശങ്ങൾ പരിഗണനയിലെടുത്ത് അവക്ക് പ്രത്യേക മാർക്ക് നൽകി മൂല്യ നിർണ്ണയം നടത്തേണ്ടതാണ്. ഇതിനായി മൂല്യനിർണ്ണയോപാധിക്കനുസൃതമായ സ്കോർഷീറ്റ് തയ്യാറാക്കി സംഘാടകർ വിധികർത്താക്കൾക്ക് നൽകേണ്ടതാണ്.
- ☐ മേഖലാതലത്തിൽ നിശ്ചയിക്കപ്പെടുന്ന ജഡ്ജിമാരുടെ ലിസ്റ്റ് മജ്‌ലിസിന് പരിശോധനക്കായി മുൻകൂട്ടി സമർപ്പിക്കേണ്ടതാണ്. . ജഡ്ജിമാരുടെ പാനൽ രൂപീകരണവും നിയമനവും സംബന്ധിച്ച കാര്യങ്ങളിലെ രഹസ്യ സ്വഭാവം കർശനമായി പാലിക്കേണ്ടതാണ്.

## 9) സ്ഥാനവും ഗ്രേഡും ( ഗ്രൂപ്പ് & വ്യക്തിഗത ഇനങ്ങൾ)

ഗ്രേഡുകൾക്കും സ്ഥാനങ്ങൾക്കും താഴെ കാണിച്ച വിധം പോയിന്റ് കണക്കാക്കുന്നതാണ്.

- **ഗ്രേഡുകൾ**

എ. ഗ്രേഡ് : (മത്സരത്തിൽ 60% മോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവർക്ക്) 5 പോയിന്റ്

ബി. ഗ്രേഡ് : (മത്സരത്തിൽ 50% മുതൽ 59% വരെ മാർക്ക് ലഭിക്കുന്നവർക്ക് ) 3 പോയിന്റ്

സി. ഗ്രേഡ് : (മത്സരത്തിൽ 40% മുതൽ 49% വരെ മാർക്ക് ലഭിക്കുന്നവർക്ക്) 1 പോയിന്റ്

## ● സ്ഥാനങ്ങൾ

● ഒന്നാം സ്ഥാനം : 5 പോയിന്റ് ● രണ്ടാം സ്ഥാനം : 3 പോയിന്റ് ● മൂന്നാം സ്ഥാനം : 1 പോയിന്റ്

## 10) പോയിന്റ് കണക്കാക്കുന്ന രീതി

| | എ ഗ്രേഡ് | | | ബി ഗ്രേഡ് | | | സി ഗ്രേഡ് | | |
|---|---|---|---|---|---|---|---|---|---|
| | ഗ്രേഡിന് | സ്ഥാനത്തിന് | ആകെ | ഗ്രേഡിന് | സ്ഥാനത്തിന് | ആകെ | ഗ്രേഡിന് | സ്ഥാനത്തിന് | ആകെ |
| Ist | 5 | 5 | 10 | 3 | 5 | 8 | 1 | 5 | 6 |
| IInd | 5 | 3 | 8 | 3 | 3 | 6 | 1 | 3 | 4 |
| IIIrd | 5 | 1 | 6 | 3 | 1 | 4 | 1 | 1 | 2 |

● **സി. ഗ്രേഡിന് താഴെ മാർക്ക് ലഭിക്കുന്നവരെ സമ്മാനങ്ങൾക്കോ സ്ഥാനങ്ങൾക്കോ പരിഗണിക്കുന്നതല്ല**

## 11) പൊതുവായ നിർദേശങ്ങൾ

☐ മത്സരങ്ങളുടെ പ്രമേയം, അവതരണശൈലി, വേഷവിധാനം എന്നിവ ധാർമ്മിക മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം.

☐ യു.പി വിഭാഗത്തിന് മലയാളം പ്രസംഗത്തിനുള്ള മൂന്ന് വിഷയങ്ങൾ നേരത്തെ നൽകും. മത്സരത്തിന് 10 മിനുട്ട് മുമ്പ് പ്രോഗ്രാം കമ്മറ്റി അവയിൽ ഒരു വിഷയം നറുക്കിട്ടെടുത്ത് തീരുമാനിക്കും. മത്സരാർത്ഥിക്ക് തന്റെ ഊഴത്തിന്റെ 5 മിനുട്ട് മുമ്പ് മാത്രമേ വിഷയം ലഭിക്കുകയുള്ളൂ.

☐ യു.പി വിഭാഗത്തിന് ഇംഗ്ലീഷ് പ്രസംഗത്തിനുള്ള വിഷയം മുൻകൂട്ടി നൽകും. പ്രസംഗം കാലേകൂട്ടി തയ്യാറാക്കാവുന്നതാണ്.

☐ ഹൈസ്കൂൾ വിഭാഗത്തിന് മലയാളം, ഇംഗ്ലീഷ് പ്രസംഗത്തിനുള്ള വിഷയം മത്സരത്തിന്റെ 10 മിനുട്ട് മുമ്പ് അറിയിക്കും.

☐ യു.പി, ഹൈസ്കൂൾ വിഭാഗത്തിൽ അറബി പ്രസംഗത്തിനുള്ള വിഷയം മുൻകൂട്ടി അറിയിക്കും. പ്രസംഗം കാലേകൂട്ടി തയാറാക്കാവുന്നതാണ്.

☐ ഹയർസെക്കന്ററി വിഭാഗത്തിനുള്ള അറബി, ഇംഗ്ലീഷ്, മലയാളം പ്രസംഗങ്ങൾക്കുള്ള വിഷയങ്ങൾ മത്സരത്തിന്റെ 10 മിനുട്ട് മുമ്പ് മാത്രമേ നൽകുകയുള്ളൂ.

☐ ഇനങ്ങൾ നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ അവതരിപ്പിക്കേണ്ടതാണ്.

☐ സംഘഗാനം, സംഗീതശിൽപ്പം, ദഫ്മുട്ട്, കോൽക്കളി, കഥാപ്രസംഗം, നാടകം എന്നിവയുടെ ഗാനങ്ങളും പ്രമേയങ്ങളും സോദ്ദേശ്യവും ധാർമികവുമായ സന്ദേശങ്ങളുൾക്കൊള്ളുന്നതായിരിക്കണം. പ്രമേയത്തിന് പ്രത്യേക മാർക്ക് ഉണ്ടായിരിക്കും.പിന്നണിയിൽ വിദ്യാർഥികൾ തന്നെയായിരിക്കണം.

☐ രചനാമത്സരങ്ങൾക്കാവശ്യമായ കടലാസുകൾ മാത്രമേ സംഘാടക സമിതി നൽകുകയുള്ളൂ.

☐ പിന്നണിയിൽ സംഗീതോപകരണങ്ങൾ, വാദ്യോപകരണങ്ങൾ എന്നിവ അനുവദനീയമാക്കിയ ഇനങ്ങളുടെ പിന്നണിയിൽ പ്രവർത്തിക്കുന്നത് വിദ്യാർത്ഥികൾ തന്നെയായിരിക്കണം. ഇങ്ങനെ പിന്നണിയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ പ്രത്യേകം ഷീറ്റിൽ എഴുതി പ്രോഗ്രാം കമ്മറ്റിയെ ഏൽപ്പിക്കണം.

☐ ഇനങ്ങളുടെ വിവരണവും മൂല്യനിർണയോപാധികളും പട്ടികയിൽ ചേർത്തിരിക്കുന്നു.

.

| നമ്പർ | മത്സര ഇനങ്ങൾ | വിവരണം | മൂല്യനിർണയോപാധികൾ |
|---|---|---|---|
| 1. | ഖുർആൻ പാരായണം | LP } UP } جزء عم<br>HS നിശ്ചിത ഭാഗമില്ല<br>+1,+2 നിശ്ചിത ഭാഗമില്ല | 1.തജ്‌വീദ് നിയമങ്ങൾ<br>2.അറിയപ്പെട്ട ഖുർആൻ പാരായണത്തിന്റെ അനുകരണം.<br>3.ആകർഷകമായ ശബ്ദം |
| 2. | ഹിഫ്ള് (ഖുർആൻ) | UP جزء عم<br>HS,+1,+2<br>سورة الحجرات, سورة الصف , سورة الجمعة<br>سورة يس,سورة المنافقون,سورة الفرقان | 1. തെറ്റ് കൂടാതെ ഓതുക.<br>2.ഖുർആൻ പാരായണത്തിന്റെ മൂല്യനിർണയോപാധികൾ |
| 3. | ആംഗ്യ പാട്ട് (മലയാളം,ഇംഗ്ലീഷ്) | അനുയോജ്യമായ അംഗവിക്ഷേപങ്ങളോടെ പാട്ടു പാടുന്നു. | 1. അവതരണ ഭംഗി<br>2. ആംഗ്യങ്ങളുടെ സ്വാഭാവികത 3. ഭാവം |
| 4. | പദ്യം ചൊല്ലൽ (മലയാളം,അറബി, ഇംഗ്ലീഷ്,ഹിന്ദി) | പാഠപുസ്തകത്തിൽ നിന്നും പുറമെ നിന്നുമുള്ള പദ്യങ്ങളാവാം.കവിയെ പറ്റിയും കവിതയെ പറ്റിയും ലഘു വിവരണം വേണം. | 1. മന: പാഠം<br>2. ഉച്ചാരണ ശുദ്ധി<br>3. മിതമായ ഭാവ പ്രകടനം<br>4. ആശയഗ്രഹണം. |
| 5. | അറബി ഗാനം | അറബി ഗാനങ്ങൾ ശ്രുതി മധുരമായി ആലപിക്കുന്നു. | 1. സ്വര ഭംഗി 2. താള ഭംഗി 3 സാഹിത്യഭംഗി<br>4.അറബി ശൈലിക്ക് മുൻഗണന |
| 6. | ഇസ്‌ലാമിക ഗാനം (മലയാളം) | ഇസ്‌ലാമിക ആശയങ്ങൾ പ്രമേയമാക്കിയിട്ടുള്ള പുതിയ ഗാനങ്ങൾ, മാപ്പിളപാട്ട് ആകാൻ പാടില്ല | 1.സ്വര ഭംഗി<br>2.ശ്രുതി,താളം<br>3.ജ്ഞാന ഭാവം |
| 7. | സംഘഗാനം (മലയാളം) | ധാർമിക സന്ദേശങ്ങൾ ഉൾകൊള്ളുന്ന ഗാനങ്ങളായിരിക്കണം. | 1. ഗായകരുടെ പങ്കാളിത്തം<br>2.യോജിപ്പ്, തുടക്കം, ഒടുക്കം<br>3. ഇസ്‌ലാമിക ഗാനത്തിന്റെ മൂല്യ നിർണയോപാധികൾ. |
| 8. | സംഘഗാനം (അറബി) | അറബി ഗാനം ശ്രുതിമധുരമായി ആലപിക്കുന്നു. | 1.സംഘാംഗങ്ങളുടെ അവതരണ പൊരുത്തം<br>2.അറബി ഗാനത്തിന്റെ മൂല്യ നിർണയോപാധികൾ |
| 9. | വായന (അറബി,ഇംഗ്ലീഷ്) | മാതൃകാ ഖണ്ഡിക വായനാ നിയമങ്ങൾ പാലിച്ച് വായിക്കുന്നു | 1.ഉച്ചാരണ സ്ഫുടത 2. മിതമായ വേഗത<br>3. ശബ്ദ നിയന്ത്രണം 4. വ്യക്തത |
| 10. | മൈം | ധാർമിക സന്ദേശമുൾക്കൊള്ളുന്ന പ്രമേയമായിരിക്കണം.<br>കി ബോർഡ് ഉപയോഗിക്കാം<br>മറ്റു സംഗീതോപകരണങ്ങൾ , ഓഡിയോ കാസററ് എന്നിവ പിന്നണിയിൽ പാടുള്ളതല്ല. | 1.വേഷം<br>2. അഭിനയം<br>3. പരസ്പരം യോജിപ്പ്<br>4. സ്വാഭാവികത |

| | | | |
|---|---|---|---|
| 11. | കൈയ്യെഴുത്ത് (അറബി, ഇംഗ്ലീഷ്) | മാതൃകാവാക്യങ്ങൾ നിർദേശങ്ങൾ പാലിച്ച് പകർത്തി എഴുതുന്നു. മുപ്പത് മിനുട്ട് എഴുതി തീർക്കാവുന്ന ഒന്നോ രണ്ടോ ഖണ്ഡികകളായിരിക്കും നൽകുക. അറബി:ഖത്തുനസ്ഖ് അഥവാ ഖത്തുറുക്കഈ ആകാവുന്നതാണ് ഇംഗ്ലീഷ്: Cursive writing ആയിരിക്കണം. | 1. വ്യക്തത<br>2. ഭംഗി<br>3. അനുപാത ക്രമം<br>4. തെറ്റില്ലായ്മ |
| 12. | കഥ പറയൽ (മലയാളം, ഇംഗ്ലീഷ്) | കഥകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു. | 1. മനഃ പാഠം<br>2.ഉച്ചാരണശുദ്ധി<br>3. അവതരണ ഭംഗി<br>4. ഭാവ പ്രകടനം |
| 13. | കഥാപ്രസംഗം | ചരിത്ര സംഭവങ്ങളോ കാലിക വിഷയങ്ങളോ ആസ്പദമാക്കി ഗദ്യ-പദ്യ സമിശ്രമായി അവതരിപ്പിക്കുന്നു. പ്രമേയങ്ങൾ ധാർമ്മിക മൂല്യങ്ങൾ ഉൾകൊള്ളുന്നതായിരിക്കണം. വാദ്യോപകരണങ്ങൾ, സംഗീതോപകരണങ്ങൾ എന്നിവ പാടില്ല. | 1. ഭാഷാശുദ്ധി,അവതരണമികവ്<br>2.ആശയാവിഷ്കരണം<br>3. ഭാവ പ്രകടനം<br>4.സാഹിത്യവും സംഗീതവുമായുള്ള യോജിപ്പ്. |
| 14. | പ്രസംഗം (ഇംഗ്ലീഷ്, മലയാളം,അറബി) | നൽകപ്പെടുന്ന വിഷയത്തെ കുറിച്ച് പ്രസംഗിക്കുന്നു. | 1. സഭാകമ്പരാഹിത്യം<br>2. അക്ഷര സ്ഫുടത<br>3. ആശയ സ്ഫുടത<br>4. ഒഴുക്ക്, വിഷയ സമർത്ഥനം |
| 15. | ഉപന്യാസം (മലയാളം, ഇംഗ്ലീഷ്, അറബി) | ഒരു മണിക്കൂറിൽ സമർപ്പിക്കാവുന്ന വിഷയമായിരിക്കും. | 1. ശൈലി,ഭാഷാ ശുദ്ധി<br>2. വാക്യ ഘടന<br>3. മുഖവുര, വിഷയ ചർച്ച, സമാപനം<br>4. തെളിവുകൾ<br>5. ഖണ്ഡികകളുടെ വിഭജനം |
| 16. | കവിതാ രചന (മലയാളം ഇംഗ്ലീഷ്, അറബി) | ഒരു മണിക്കൂറിൽ സമർപ്പിക്കാവുന്ന വിഷയമായിരിക്കും. | 1. സർഗാത്മകത<br>2. ഭാഷാ ശുദ്ധി<br>3. കാവ്യാത്മകത |
| 17. | കഥാരചന (മലയാളം, ഇംഗ്ലീഷ്) | ഒരു മണിക്കൂറിൽ സമർപ്പിക്കാവുന്ന തരത്തിലായിരിക്കും. | 1. ഭാവന<br>2. ഭാഷ,ശൈലി<br>3.സ്വാഭാവികത<br>4. ആവിഷ്കാരം<br>5. പ്രമേയത്തിനോടുള്ള നീതി |

| | | | |
|---|---|---|---|
| 18. | മെമ്മറിടെസ്റ്റ് | നിർണിത സമയം ചില സാധനങ്ങൾ കാണിക്കും. ആവസ്തുക്കളുടെ പേരുകൾ തെറ്റാതെ ഓർമയിൽ നിന്ന് എടുത്ത് എഴുതുന്നു.നഴ്സറി വിദ്യാർഥികൾക്ക് ഓറൽ ആയിരിക്കും | 1. ശരിയായ പദം<br>2.ഓർമ |
| 19. | ബാങ്ക് വിളി | ബാങ്കിന്റെ വാക്യങ്ങൾ ഉറക്കെ ചൊല്ലുന്നു. | 1.ശബ്ദ ഭംഗി, സ്ഫുടത<br>2.ശബ്ദത്തിന്റെ നിമ്നോന്നതി<br>3. തെറ്റില്ലായ്മ |
| 20. | ചിത്രരചന (പെൻസിൽ) | ഏതെങ്കിലും ഒരു മാതൃകയോ ആശയമോ നൽകും. അതനുസരിച്ച് ചിത്രരചനാ നിയമത്തോട് നീതി പുലർത്തി കൊണ്ടുള്ള വര. | 1. സ്വാഭാവികത.<br>2. ആകർഷണീയത.<br>3. ആനുപാതികത<br>4. ഷേഡിംഗിലെ യോജിപ്പ് |
| 21. | പദപയറ്റ്<br>(അറബി,ഇംഗ്ലീഷ്) | നാമ പദങ്ങൾ ആയിരിക്കും പരിഗണിക്കുക ( വ്യക്തി,സ്ഥലം എന്നിവ ഒഴികെയുള്ള).ഒരാൾക്ക് മൂന്നവസരം മാത്രം.നാമ പദങ്ങളുടെ അന്ത്യാക്ഷരങ്ങൾ കൊണ്ട് ആരംഭിക്കും. | 1. പദസമ്പത്ത്<br>2. അർത്ഥ ധാരണ<br>3. വ്യക്തത<br>4. വേഗത |
| 22. | പോസ്റ്റർ നിർമാണം<br>(മലയാളം) | നിർദിഷ്ട വിഷയത്തിൽ ചിത്രവും ആലേഖ്യവുമടങ്ങുന്ന പോസ്റ്റർ തയ്യാറാക്കൽ | 1. ആകർഷകത്വം 2. ലേ ഔട്ട്<br>3. കുറഞ്ഞ പദങ്ങളിൽ ആശയവൈപുല്യം |
| 23. | കാർട്ടൂൺ രചന | ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളായിരിക്കും. | 1. രചനാ വൈഭവം<br>2. നർമ്മത്തോടെയും തീക്ഷണമായും ആശയം പ്രകടിപ്പിക്കാനുള്ള കഴിവ് |
| 24. | ക്രയോൺ കളറിംഗ് | കളറിംഗിനുള്ള ചിത്രത്തിന്റെ ഔട്ട് ലൈൻ നൽകും. | 1. വർണങ്ങളുടെ ഔചിത്യം<br>2. പരസ്പരയോജിപ്പ്<br>3. വൃത്തി. |
| 25. | ചിത്ര രചന (ജലച്ചായം) | വിഷയം നൽകും | 1. വർണങ്ങളുടെ ഔചിത്യം<br>2. പരസ്പരം യോജിപ്പ്<br>3. ആകർഷണീയത |
| 26. | മോണോആക്ട് | ആക്ഷേപകരമായ പരാമർശങ്ങൾ ഒഴിവാക്കണം | 1. ഭാവാഭിനയം<br>2. വ്യത്യസ്ത ഭാവ പ്രകടനത്തിന് മുൻഗണന<br>3. ആശയ വ്യക്തത<br>4. സംഭാഷണത്തിലെ സ്വാഭാവികത |
| 27. | അടിക്കുറിപ്പ് മത്സരം | കാർട്ടൂൺ/ചിത്രം/ഫോട്ടോ എന്നിവ നൽകും. | 1. അനുയോജ്യമായ പ്രതികരണമായിരിക്കണം<br>2.ഭാവന, 3. ആശയവ്യക്തത, ഭാഷ<br>4. നർമ്മബോധം, 5. സംഗ്രഹത |

| | | | |
|---|---|---|---|
| 28. | ദഫ് മുട്ട് | ഇസ്‌ലാമികമായ ബൈത്ത് / പാട്ട്. ശിർക്ക് പരമായ ആശയങ്ങൾ പാടില്ല. കളിക്കാരുടെ വേഷം വെള്ള. | 1. അവതരണം<br>2. ഒറ്റമുട്ട് - മൂന്ന് മുട്ട്, അഞ്ച് മുട്ട് കയ്യിൻ മുട്ട്, കോരിമുട്ട് ഇവയിലേതെങ്കിലും നാല് താളം. |
| 29. | കോൽക്കളി | പാടുന്നത് ഗ്രൂപ്പ് അംഗങ്ങൾ തന്നെയായിരിക്കണം. വേഷം വെള്ള ഷർട്ടും കറുത്ത പാന്റും ആയിരിക്കണം. | 1. പാട്ടിനനുസരിച്ചുള്ള താളവും കോലടക്കവും ചുവടുവെപ്പും.<br>2. പാട്ടിന്റെ ഈണത്തിനനുസരിച്ചുള്ള മെയ്ത്തായം<br>3. ചാഞ്ഞും ചെരിഞ്ഞുമുള്ള അവതരണം.<br>4. നാലിൽ കുറയാത്ത സ്റ്റെപ്പുകൾ ഒരു കളിയിൽ ഉണ്ടാവണം. |
| 30. | സംഗീത ശില്പം | ഗാനത്തിന്റെ പശ്ചാത്തലത്തിൽനിന്ന് കൊണ്ടുള്ള ആശയാവിഷ്ക്കാരം.ശിൽപം ഒരു ആശയമോ ആശയത്തിന്റെ ഭാഗമോ ആകാം.ഒന്നിലധികം പാട്ടുകൾ റീമിക്സ് ചെയ്യാം, ഒരു പാട്ടിനിടക്ക് നിന്നും തുടങ്ങാം. | 1. ഗാനത്തിനനുസരിച്ചുള്ള ആശയാവിഷ്ക്കാരം<br>2. ഗാനം,അഭിനയം,വേഷം ഇവ തമ്മിലുള്ള യോജിപ്പ്. |
| 31 | നാടകം (ഏകാങ്കം) | ഒരു ഏകാങ്ക നാടകമോ വലിയ നാടകത്തന്റെ തെരെഞ്ഞെടുത്ത ഭാഗമോ ആകാം.പിന്നണിയിൽ വിദ്യാർത്ഥികൾ തന്നെയായിരിക്കണം. പിൻ തിരശീല, ആവശ്യമായ ഫർണിച്ചറുകൾ തുടങ്ങിയവ അവരവർ മുൻകൂട്ടി ഏർപ്പാടുചെയ്യണം. രംഗസജ്ജീകരണത്തിന് 10 മിനിട്ടിൽ കൂടുതൽ എടുക്കാൻ പാടുള്ളതല്ല.സ്റ്റേജിൽ സംഘാടക സമിതി ഏർപ്പാടുചെയ്യുന്ന ലൈറ്റ് സംവിധാനങ്ങളല്ലാതെ മറ്റു ലൈറ്റ് സംവിധാനങ്ങൾ അനുവദിക്കുന്നതല്ല. | 1. പ്രമേയത്തിന്റെ ധാർമിക സ്വഭാവം<br>2. മനഃ പാഠം, അവതരണം<br>3. വേഷം,അഭിനയം |
| 32. | മിമിക്രി | ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴിവാക്കണം | 1. വിഷയത്തോട് നീതി പുലർത്തണം<br>2. അനുകരണ സാമർത്ഥ്യം<br>3. അഭിനയം<br>4. തൻമയത്വം<br>5. ആശയം |

| | | | |
|---|---|---|---|
| 33. | ലളിത ഗാനം | | 1. ശാരീരം2.ശ്രുതി ലയം,<br>3 താളം 4. സാഹിത്യ ശുദ്ധി<br>5. ജ്ഞാന ഭാവം |
| 34. | മോണോലോഗ്<br>(ഏകപാത്ര നാടകം) | ഒരു സംഭവത്തെ പറ്റിയോ സംഭവത്തിന്റെ ഭാഗമോ ആ സംഭവത്തിൽഉൾപെട്ട ഒരു കാഥാ പാത്രം മാത്രംഅവതരിപ്പിക്കുക.ഉചിതമായ വേഷം ആകാം. പശ്ചാത്തല സംഗീതം, പിന്നണി എന്നിവ പാടില്ല. | 1.ആശയ വ്യക്തത<br>2. അവതരണ ഭംഗി 3.ടൈമിംഗ്<br>4.അഭിനയം, സംഭാഷണം |
| 35 | മാർച്ചിംഗ് സോംഗ് | നിർണിത ഗാനത്തിന്റെ പശ്ചാതലത്തിൽ വിവിധ രീതിയിൽ സംഘം മാർച്ച് ചെയ്യുന്നു. | 1. സംഘാംഗങ്ങളുടെ അവതരണ പൊരുത്തം |
| 36 | മ്യൂസിക്കൽ ഡിസ്പ്ലേ | ഏഴ് പേരടങ്ങുന്ന സംഘം. ഗാനത്തിനൊത്ത ആംഗ്യം, താളം, ചുവട് വെപ്പ്, ഗാനത്തിന്റെയും താളങ്ങളുടെയും യോജിപ്പ്. പിന്നണിയിൽ കാസറ്റ് ഉപയോഗിക്കാവുന്നതാണ്<br>ആട്ടക്കാർക്ക് യോജിച്ച വേഷവിധാനങ്ങൾ ആകാവുന്നതാണ് | 1. സംഘാംഗങ്ങൾ തമ്മിലുള്ള യോജിപ്പ്.<br>2. വേഷവിധാനവും വേഷത്തിന്റെ യോജിപ്പും<br>3. ചലനം 4. താളം<br>5. അവതരണം. |
| 37 | മാപ്പിളപാട്ട് | മാപ്പിള തനിമയുള്ള പാട്ടായിരിക്കണം | 1. സാഹിത്യം<br>2. മാപ്പിളത്തനിമ<br>3. താളം, ശ്രുതി, ലയം |
| 38 | നാടൻപ്പാട്ട് | നാടൻ പാട്ടായിരിക്കണംനാടൻ ശീലുകളും പദപ്രയോഗങ്ങളുംഉണ്ടായിരിക്കണം.<br>അശ്ലീല ചുവയുണ്ടാകരുത്.<br>നാടൻ പാട്ടിനനുയോജ്യമായ വേഷം<br>നാടൻ പാട്ടിനാവശ്യമായ വാദ്യോപകരണങ്ങൾ ഉപയോഗിക്കാം.ആധുനിക സംഗീതോപകരണങ്ങൾഉപയോഗിക്കാൻ പാടുള്ളതല്ല. പത്ത് ആളുകൾക്ക്പങ്കെടുക്കാം. ഏഴ് പേർക്ക് സ്റേജിലും മൂന്ന് പേർക്ക് പിന്നണിയിലും പ്രവർത്തിക്കാം. | 1. ഈണം<br>2. ഭാവം<br>3. സംഘ യോജിപ്പ് |

## 12) സ്വാഗത സംഘം

മേഖലാ തല/ സംസ്ഥാന തല മത്സരങ്ങൾ നടത്തുന്നതിന് 51 അംഗങ്ങളിൽ കുറയാത്ത സ്വാഗതസംഘം രൂപീകരിക്കുന്നതാണ്. സ്കൂൾ, കോളേജ് പ്രിൻസിപ്പൽമാർ, അധ്യാപകർ, പിടിഎ അംഗങ്ങൾ, അക്കാദമിക് കൗൺസിൽ അംഗങ്ങൾ, സാമൂഹിക പ്രവർത്തകർ, പൗരപ്രമുഖർ തുടങ്ങിയവർ ഉൾകൊള്ളുന്നതായിരിക്കും സ്വാഗത സംഘം. സ്വാഗത സംഘത്തിൽ വിവിധ സബ് കമ്മറ്റികൾ രൂപീകരിക്കുന്നതാണ്. സബ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ജനറൽ കൺവീനറെയും അസി. കൺവീനറെയും നിശ്ചയിക്കുന്നതാണ്. വിവിധ കമ്മറ്റികളും അവയുടെ ചുമതലകളും താഴെ ചേർക്കുന്നു.

## A. പ്രോഗ്രാം കമ്മറ്റി

പ്രോഗ്രാം കമ്മറ്റിയിൽ 15 ൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കും. മുന്നൊരുക്കങ്ങൾ സ്റ്റേജ് മാനേജ്മെന്റ്, ടാബുലേഷൻ & റിക്കാർഡ് വർക്ക്, സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് സബ് കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്.

**ചുമതലകൾ**

- ☐ എൻട്രി സ്വീകരിക്കുകയും പരിശോധിച്ച് വ്യവസ്ഥകൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. മത്സരിക്കുന്നവരുടെ പൂർണ്ണ ലിസ്റ്റ് തയ്യാറാക്കുക.
- ☐ വിശദമായ കാര്യപരിപാടി തയ്യാറാക്കുക. പരിപാടിയുടെ ഉദ്ഘാടനച്ചടങ്ങ്, സമാപനച്ചടങ്ങ് എന്നിവയ്ക്ക് രൂപം കൊടുക്കുക. ഉദ്ഘാടകൻ, ആശംസാപ്രസംഗകർ എന്നിവരെ ക്ഷണിക്കുക. പരിപാടിയുടെ ബുക്ക്ലറ്റ്/ബ്രോഷർ തയ്യാറാക്കുക.
- ☐ പരിപാടിക്കാവശ്യമായ ഉദ്യോഗസ്ഥരെയും വിധികർത്താക്കളെയും കണ്ടെത്തുക.
- ☐ വിധികർത്താക്കളായി എത്തുന്നവർക്ക് പ്രത്യേക റൂം സംവിധാനങ്ങളൊരുക്കുക.
- ☐ ചെസ്റ്റുനമ്പറുകൾ ക്രമീകരിക്കുക, പാർട്ടിസിപ്പന്റ് കാർഡുകൾ, ബാഡ്ജുകൾ, മൂല്യനിർണ്ണയ ഷീറ്റുകൾ എന്നിവ തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുക.
- ☐ വിവിധ മത്സരങ്ങൾക്ക് വേദികൾ നിശ്ചയിക്കുക, സമയം ക്ലിപ്തപ്പെടുത്തുക, ബന്ധപ്പെട്ട മേഖലകളെ/സ്കൂളുകളെ വിവരമറിയിക്കുക.
- ☐ മത്സരഫലങ്ങൾ രേഖപ്പെടുത്താനും യഥാസമയം പരസ്യപ്പെടുത്താനുമുള്ള സംവിധാനങ്ങൾ ചെയ്യുക.
- ☐ മത്സരഫലങ്ങളുടെ ടാബുലേഷൻ കാര്യക്ഷമമായി ചെയ്യുക., മത്സരഫലങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് വിജയികളെ നിർണ്ണയിക്കുക.
- ☐ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി സമ്മാനകമ്മറ്റിയെ ഏൽപ്പിക്കുക.
- ☐ പ്രത്യേകം ക്ഷണിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, വിധികർത്താക്കൾ എന്നിവർക്ക് ആവശ്യമെങ്കിൽ യാത്രപ്പടിയും, ക്ഷാമബത്തയും നൽകുക.
- ☐ മത്സരം സംബന്ധിച്ചുള്ള എല്ലാ നിർദേശങ്ങളും മുൻകൂട്ടി സ്ഥാപനങ്ങളിൽ എത്തിക്കുക.
- ☐ പ്രോഗ്രാമുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന മറ്റു പ്രവർത്തനങ്ങൾ സന്ദർഭവും ആവശ്യവുമനുസരിച്ച് യഥോചിതം നിർവഹിക്കുക.

## B. സാമ്പത്തിക കമ്മറ്റി

5 ൽ കുറയാത്ത അംഗങ്ങളുടെ ഒരു കമ്മറ്റിയാണിത്.

### ചുമതലകൾ

- ☐ സ്കൂളുകളിൽ നിന്ന് മജ്‌ലിസ് എൻട്രി ഫീ പിരിച്ചെടുത്ത് കമ്മറ്റിക്ക് നൽകുന്നതാണ്. ഓരോ ഫെസ്റ്റിനും 2.50000 (രണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപ ഫണ്ട് അനുവദിക്കുന്നതാണ്. ഈ സംഖ്യയിൽ ഉൾക്കൊള്ളുന്ന ബജറ്റ് തയ്യാറാക്കി സാമ്പത്തിക ചെലവുകൾ നിയന്ത്രിക്കേണ്ടതാണ്.
- ☐ വരവ് ചെലവുകൾക്ക് രേഖകളും എക്കൗണ്ടും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
- ☐ എല്ലാ സബ്കമ്മറ്റികളുമായി ബന്ധപ്പെട്ട് മതിപ്പുചെലവ് സംഖ്യ കണക്കാക്കുക.
- ☐ ഭക്ഷണ വകുപ്പിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ സംഭാവനയായി ശേഖരിക്കുക.
- ☐ പരിപാടിക്ക് ശേഷം ചേരുന്ന സ്വാഗതസംഘം യോഗത്തിൽ കണക്ക് അവതരിപ്പിച്ചു അംഗീകാരം നേടേണ്ടതാണ്. പാസാക്കിയ വരവ് ചെലവ് കണക്കുകളുടെ കോപ്പി മജ്‌ലിസിനു സമർപ്പിക്കേണ്ടതും ബാക്കി തുകയുണ്ടെങ്കിൽ തിരിച്ചടക്കേണ്ടതുമാണ്.

## C. പ്രചാരണ കമ്മറ്റി

ഈ കമ്മറ്റിയിൽ 5 പേർ ഉണ്ടായിരിക്കും.

### ചുമതലകൾ

- ☐ പരിപാടിക്ക് വേണ്ടത്ര പ്രചാരണം ലഭിക്കാൻ വാർത്താമാധ്യമ പ്രതിനിധികൾ, പൗരപ്രമുഖർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബന്ധപ്പെടുക. പരിപാടിക്കാവശ്യമായ പെർമിറ്റ് ലഭ്യമാക്കുക. ആവശ്യമായ റിപ്പോർട്ടുകൾ വാർത്താ മാധ്യമങ്ങളിലെത്തിക്കുക.
- ☐ ആവശ്യമായ നോട്ടീസുകൾ, പോസ്റ്ററുകൾ, ബോർഡുകൾ, ബാനറുകൾ മുതലായവ തയ്യാറാക്കി പ്രചാരണത്തിനുപയോഗിക്കുക.
- ☐ ഫോട്ടോ എടുക്കുവാനുള്ള സംവിധാനങ്ങൾ ചെയ്യുക.
- ☐ പ്രചാരണവുമായി ബന്ധപ്പെട്ട് ആവശ്യമായ മറ്റുകാര്യങ്ങൾ ചെയ്യുക.

## D. സ്റ്റേജ്, ഡക്കറേഷൻ, പന്തൽ കമ്മറ്റി

ഈ കമ്മറ്റിയിൽ 10 പേരുണ്ടായിരിക്കും

### ചുമതലകൾ

- ☐ പ്രോഗ്രാം കമ്മറ്റിയുമായി ബന്ധപ്പെട്ട് സ്റ്റേജുകളുടെ എണ്ണം, സ്വഭാവം എന്നിവ നിശ്ചയിക്കുക, ഇവ സജ്ജമാക്കാനാവശ്യമായ ഏർപ്പാടുകൾ ചെയ്യുക.
- ☐ പരിസരം അലങ്കരിക്കുക, ഗേറ്റ് സ്ഥാപിക്കുക.

- ☐ സ്റ്റേജുകൾക്ക് നമ്പറിടുന്നതിനുപകരം ചരിത്രപുരുഷന്മാരുടെയോ, ചരിത്രപ്രധാനമായ സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവയുടെയോ പേരുകൾ നൽകാവുന്നതാണ്.
- ☐ കാണികൾക്ക് വീക്ഷിക്കാനാവശ്യമായ പന്തൽ, സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ഇരിപ്പിടങ്ങൾ മുതലായവ സജ്ജീകരിക്കുക.

## E. **ലൈറ്റ് & സൗണ്ട്**

ഈ കമ്മറ്റിയിൽ 5 പേർ ഉണ്ടായിരിക്കും

### ചുമതലകൾ

- ☐ മത്സര ദിവസത്തിനു മുമ്പായി ആവശ്യമായ ലൈറ്റ് ,സൗണ്ട് എന്നിവയ്ക്കുള്ള ഏർപ്പാടുകൾ ചെയ്യുക. അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാവശ്യമായ വിദഗ്ധരെ ഏർപ്പെടുത്തുക.
- ☐ വേദികളിൽ തകരാറുകൾ കൂടാതെ ലൈറ്റ് & സൗണ്ട് പ്രവർത്തിക്കാനുള്ള സംവിധാനം ഉറപ്പുവരുത്തുക.
- ☐ പ്രധാന വേദികളിൽ ഡ്രാമാ സിസ്റ്റത്തിൽ ലൈറ്റ് & സൗണ്ട് ഏർപ്പാടുകൾ ചെയ്യുക.
- ☐ ഈ വകുപ്പുമായി ബന്ധപ്പെട്ട് പ്രോഗ്രാം കമ്മറ്റി നിർദ്ദേശിക്കുന്ന എല്ലാ സൗകര്യങ്ങളും ഒരുക്കുക.

## F. **വളണ്ടിയർ വിഭാഗം**

ഫെസ്റ്റ് നടത്തിപ്പിനാവശ്യമായ സേവനങ്ങൾക്കായി രൂപീകരിക്കുന്ന വളണ്ടിയർ വിഭാഗത്തിന് ഒരു വളണ്ടിയർ ക്യാപ്റ്റനും രണ്ടു സഹായികളും ഉണ്ടായിരിക്കും.ആവശ്യമായ വനിതാ വളണ്ടിയർമാരെയും നിയോഗിക്കണം.

### ചുമതലകൾ

- ☐ എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ പുരുഷ-സ്ത്രീ വളണ്ടിയർമാരുടെ എണ്ണം കണക്കാക്കി നിശ്ചിത തീയതിക്ക് വളണ്ടിയർമാരെ എത്തിക്കുക. അവർക്ക് വേണ്ട പരിശീലനപരിപാടികൾ സംഘടിപ്പിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്നിവ വളണ്ടിയർ ക്യാപ്റ്റന്റെ ചുമതലയായിരിക്കും.

## G. **രജിസ്ട്രേഷൻ & എൻക്വയറി**

ഈ കമ്മറ്റിയിൽ 5 പേർ ഉണ്ടായിരിക്കും

### ചുമതലകൾ

- ☐ വിവിധ സ്ഥലങ്ങളിൽ നിന്ന് മത്സരങ്ങളിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികളെയും മറ്റും സ്വീകരിക്കുക. രജിസ്റ്റർ ചെയ്യിക്കുക.
- ☐ പ്രോഗ്രാം സംബന്ധിച്ചും താമസ, വിശ്രമ സൗകര്യങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ നൽകുക. ആവശ്യമായ ബാഡ്ജുകളും ഭക്ഷണ കൂപ്പണുകളും നൽകുക.

- ☐ എല്ലാ സബ്കമ്മറ്റികളുമായും ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും, അന്വേഷണങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുക.

## H. അക്കമഡേഷൻ കമ്മറ്റി

ഈ കമ്മറ്റിയിൽ 10 പേർ ഉണ്ടായിരിക്കും

### ചുമതലകൾ

- ☐ വിദ്യാർത്ഥീ- വിദ്യാർത്ഥിനികൾക്കും, അധ്യാപികാ-അധ്യാപകന്മാർക്കും ഉദ്യോഗസ്ഥർക്കും താമസം, വിശ്രമം, നമസ്കാരം എന്നിവയ്ക്ക് സ്ഥലം നിശ്ചയിക്കുക, ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- ☐ ഓരോ സ്കൂളുകൾക്കും / മേഖലക്കും പരിപാടിക്ക് ഒരുങ്ങാൻ ആവശ്യമായ റൂമുകൾ സജ്ജീകരിക്കുക.
- ☐ താമസ സ്ഥലത്തോടനുബന്ധിച്ച് വെള്ളം, വെളിച്ചം, കക്കൂസ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- ☐ പ്രോഗ്രാം ജഡ്ജസ്, സംഘാടക സമിതി, വളണ്ടിയർ, സമ്മാനകമ്മറ്റി തുടങ്ങിയവക്ക് പ്രത്യേകം ഓഫീസുകൾ സജീകരിക്കുക.

## I.റിസപ്ഷൻ കമ്മറ്റി

5 പേരടങ്ങുന്നതായിരിക്കും ഈ കമ്മറ്റി

### ചുമതലകൾ

- ☐ ഫെസ്റ്റുദിവസം മുഖ്യാതിഥികളെ എത്തിക്കാനും തിരിച്ചയക്കാനും യാത്രാ ഏർപ്പാടുകൾ ചെയ്യുക, അവരെ സ്വീകരിക്കുക, പാനീയ-ലഘു ഭക്ഷണ ഏർപ്പാടുകൾ ചെയ്യുക, മറ്റു പ്രമുഖ വ്യക്തികളെയും കാണികളെയും സ്വീകരിക്കുക.

## J.ഭക്ഷണ കമ്മറ്റി

10 പേരടങ്ങുന്നതായിരിക്കും ഈ കമ്മറ്റി

### ചുമതലകൾ

- ☐ പരിപാടി ദിവസം മത്സരിക്കുന്നവർക്കും അധ്യാപകർക്കും ഫെസ്റ്റ് ഉദ്യോഗസ്ഥർക്കും ഭക്ഷണം തയ്യാറാക്കുക. ഭക്ഷണം നൽകാനാവശ്യമായ ഏർപ്പാടുകൾ ചെയ്യുക. പരിപാടിയുടെ ഒരു ദിവസം മുമ്പ് ഒരുക്കങ്ങൾക്കായി സ്ഥലത്തെത്തുന്ന ഉദ്യോഗസ്ഥർക്ക് ഭക്ഷണം നൽകാൻ സൗകര്യം ചെയ്യുക.
- ☐ സുഗമമായ ഭക്ഷണ വിതരണത്തിന് ടോക്കൺ സംവിധാനം ഏർപ്പെടുത്തുക.
- ☐ പ്രോഗ്രാം കമ്മറ്റിയുമായി ബന്ധപ്പെട്ട് ഭക്ഷണം നൽകേണ്ടുന്ന വിദ്യാർത്ഥികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ മുതലായവരുടെ എണ്ണം നിർണ്ണയിക്കുകയും ആവശ്യമായ കൂപ്പണുകൾ തയ്യാറാക്കി രജിസ്ട്രേഷൻ കൗണ്ടറിൽ നൽകുകയും ചെയ്യുക. അതനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങളും സംവിധാനങ്ങളുമേർപ്പെടുത്തുക.

- ☐ കാണികളായി വരുന്നവർക്ക് സൗകര്യത്തിനായി കാന്റീൻ സംവിധാനമേർപ്പെടുത്തുക.

## K.ട്രോഫി / സമ്മാന കമ്മറ്റി

ഈ കമ്മറ്റിയിൽ 10 പേർ ഉണ്ടായിരിക്കും

**ചുമതലകൾ**

- ☐ പട്ടികയിൽ ചേർത്ത ട്രോഫികളും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും തയ്യാറാക്കി, സമ്മാനദാന സമയത്ത് ലഭ്യമാക്കുകയാണ് ഈ കമ്മറ്റിയുടെ ചുമതല.
- ☐ ഫലം പ്രഖ്യാപിക്കുന്ന മുറക്ക് വിജയികൾക്ക് സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ലഭ്യമാകുന്നതിന് സംവിധാനം ചെയ്യേണ്ടതാണ്
- ☐ വിതരണം ചെയ്യുന്ന സമ്മാനങ്ങൾ പ്രത്യേകം രജിസ്റ്ററിൽ ചേർത്ത് സ്വീകരിക്കുന്നവരുടെ പേരും ഒപ്പും വാങ്ങേണ്ടതാണ്.

## L.വെൽഫെയർ കമ്മറ്റി

- ☐ ഈ കമ്മറ്റിയിൽ മൂന്ന് പേരുണ്ടായിരിക്കും.

**ചുമതലകൾ**

- ☐ ഉദ്ഘാടന സെഷൻ, സമാപന സെഷൻ എന്നിവക്ക് വരുന്ന മുഖ്യാഥികൾക്കും പ്രോഗ്രാം നിയന്ത്രിച്ച് കൊണ്ടിരിക്കുന്ന ഒഫീഷ്യലുകൾക്കും ചായ, ലഘുപാനീയങ്ങൾ എന്നിവ നൽകുക.
- ☐ ആവശ്യമെങ്കിൽ വൈദ്യ സഹായവും പ്രഥമ ശുശ്രൂഷയും കിട്ടുന്നതിനാവശ്യമായ സംവിധാനങ്ങൾ ചെയ്യണം

## M. ട്രാഫിക് & ട്രാൻസ്പോർട്ട്

- ☐ ഈ കമ്മറ്റിയിൽ നാല് പേരാണുണ്ടാവുക.

**ചുമതലകൾ**

- ☐ മത്സരത്തിന് വരുന്ന സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക.
- ☐ ഒഫീഷ്യൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം പ്രത്യേകം കാണുക. മത്സരം വീക്ഷിക്കാൻ വരുന്നവർക്ക് വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യം ചെയ്യുക. നഗരിയുടെ സംവിധാനത്തിന് കോട്ടം തട്ടാത്ത രീതിയിലായിരിക്കണം പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടത്.

## N. വെള്ളം കമ്മറ്റി

ഈ കമ്മറ്റിയിൽ നാല് പേരാണുണ്ടാവുക.

- ☐ മൊത്തം നഗരിയിലേക്കാവശ്യമായ വെള്ളം സജ്ജമാക്കുക.

## O. സാനിറ്ററി വിഭാഗം

ഈ കമ്മറ്റിയിൽ നാല് പേരാണുണ്ടാവുക.

- ☐ നഗരിയുടെ ശുചിത്വം ഉറപ്പ് വരുത്തുക, ടോയിലറ്റ്, ബാത്ത് റൂം, ഭക്ഷണ ഹാൾ, നമസ്കാര സ്ഥലം എന്നിവ ശുദ്ധിയാക്കുക.
- ☐ ഫെസ്റ്റ് കഴിഞ്ഞതിന് ശേഷം നഗരി വൃത്തിയാക്കാൻ ഏർപ്പാടു ചെയ്യുക.

## P. സെക്യൂരിറ്റി വിഭാഗം

ഈ കമ്മറ്റിയിൽ നാല് പേരാണുണ്ടാവുക.

- ☐ നഗരിയുടെ സുരക്ഷിതത്വം ഉറപ്പാക്കുക. സൗണ്ട് സിസ്റ്റം, വെള്ളം, ഭക്ഷണ സ്ഥലം, ഹാൾ എന്നിങ്ങനെ കാവൽ വേണ്ട സ്ഥലങ്ങളിലെല്ലാം കാവൽ ഏർപ്പെടുത്തണം.
- ☐ മത്സരം നടക്കുന്ന സ്ഥലങ്ങളിൽ അച്ചടക്കവും ചിട്ടയും ഉറപ്പ് വരുത്തുക.

## Q. മെഡിക്കൽ വിഭാഗം

- ☐ ഒരു കൺവീനർ ഉണ്ടായിരിക്കും.
- ☐ ഫെസ്റ്റ് നടക്കുന്ന സ്ഥലത്ത് അത്യാവശ്യം പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.

## R. വനിതാ വിഭാഗം

- ☐ ഇതിന് ഒരു കൺവീനറും ഒരു അസി.കൺവീനറും ഉണ്ടായിരിക്കും. മുകളിൽ സൂചിപ്പിച്ച കമ്മറ്റികളിൽ വനിതകളെ ആവശ്യമുള്ള വകുപ്പുകളിലേക്ക് നിയോഗിക്കും.
- ☐ പരിപാടി വീക്ഷിക്കാൻ വരുന്ന സ്ത്രീകൾ, മത്സരത്തിന് വരുന്ന വിദ്യാർത്ഥിനികൾ എന്നിവർക്കുള്ള സൗകര്യങ്ങൾ ചെയ്ത് കൊടുക്കാൻ സംവിധാനങ്ങൾ കാണും.

## S. പരാതിപരിഹാര കമ്മറ്റി

- ☐ ഫെസ്റ്റുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ മേഖലാതലത്തിലും സംസ്ഥാനതലത്തിലും താഴെ ചേർത്ത അംഗങ്ങൾ ഉൾകൊള്ളുന്ന പരാതി പരിഹാര കമ്മിറ്റികൾ (Jury of Appeal) ഉണ്ടായിരിക്കുന്നതാണ്.

  **സ്കൂൾ കലോത്സവം (മേഖല) :** മേഖലാ സ്വാഗത സംഘാധ്യക്ഷൻ, മേഖലാ കൺവീനർ, പ്രോഗ്രാം കമ്മറ്റി കൺവീനർ, മജ്‌ലിസ് പ്രതിനിധി.

  **സംസ്ഥാന സ്കൂൾ കലോത്സവം (സംസ്ഥാനം) :** സ്വാഗതസംഘാധ്യക്ഷൻ, ജനറൽ കൺവീനർ, പ്രോഗ്രാം കമ്മറ്റി കൺവീനർ, മജ്‌ലിസ് സെക്രട്ടറി.

- ☐ പരാതികൾ രേഖാമൂലം കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്താനുള്ള അനുവാദം അതത് ടീം മാനേജർമാർക്കായിരിക്കും. മറ്റുള്ളവർ ബോധിപ്പിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.
- ☐ വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. വിധിയിൽ പരാതിയുണ്ടെങ്കിൽ അതാത്

ഇനത്തിന്റെ ഫലം പ്രഖ്യാപിച്ച് 30 മിനുട്ടിനകം 500 രൂപ ഡെപ്പോസിറ്റ് സഹിതം ടീം മാനേജർ മുഖേന അപ്പീൽ നിശ്ചിത ഫോറത്തിൽ പരാതി പരിഹാരകമ്മറ്റിക്ക് സമർപ്പിക്കാവുന്നതാണ്. പരാതിയിൽ അനുകൂല വിധിയുണ്ടായാൽ മാത്രമെ ഡെപ്പോസിറ്റ് സംഖ്യതിരിച്ച് നൽകുകയുള്ളൂ.

## 13. സ്വാഗത സംഘം പിരിച്ച് വിടൽ

- പരിപാടി കഴിഞ്ഞ് 15 ദിവസത്തിനകം സ്വാഗത സംഘം പിരിച്ച് വിടേണ്ടതാണ്. സ്വാഗത സംഘം പിരിച്ച് വിടുന്ന സ്ഥലവും സമയവും കാണിച്ച് എല്ലാ സബ് കമ്മറ്റി ഭാരവാഹികൾക്കും വിവരം അറയിക്കേണ്ടതാണ്. എല്ലാ സബ് കമ്മറ്റികളും പിരിച്ച് വിടൽ യോഗത്തിന് മുമ്പായി സാമ്പത്തിക കമ്മറ്റിക്ക് കണക്ക് സമർപ്പിക്കേണ്ടതാണ്. സാമ്പത്തിക കമ്മറ്റി മുഴുവൻ കണക്കുകളും ഈ യോഗത്തിൽ എഴുതി തയ്യാറാക്കി അവതരിപ്പിക്കണം. യോഗത്തിലേക്ക് മജ്ലിസ് പ്രതിനിധിയെ ക്ഷണിക്കേണ്ടതാണ്. വരവ് ചെലവ് കണക്കും സ്റ്റേറ്റ്മെന്റും എല്ലാ സ്കൂളുകൾക്കും അയച്ച് കൊടുക്കുന്നതാണ്.

## 14) പട്ടിക 1

### നഴ്സറി കലാമേള (എൽ.കെ.ജി & യു.കെ.ജി)

| ക്രമ നമ്പർ | മത്സര ഇനം | കൂടിയ സമയം | വ്യക്തിഗതം/ സംഘം | സംഘാംഗങ്ങൾ (പരമാവധി) | ആൺകുട്ടികൾ/ പെൺകുട്ടികൾ | പങ്കെടുക്കാവുന്ന ഇനങ്ങൾ (*) |
|---|---|---|---|---|---|---|
| | | | വിഭാഗം – 1 | | | |
| 1 | ആംഗ്യപ്പാട്ട് (മലയാളം) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 2 | ആംഗ്യപ്പാട്ട് (ഇംഗ്ലീഷ്) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 3 | പദ്യം ചൊല്ലൽ (മലയാളം) | 3 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 4 | പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) | 3 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 6 |
| 5 | കഥ പറയൽ (മലയാളം) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 6 | കഥപറയൽ (ഇംഗ്ലീഷ്) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 7 | മെമ്മറി ടെസ്റ്റ് (ഓറൽ) | - | വ്യക്തിഗതം | - | ആൺ/പെൺ | |
| 8 | ക്രയോൺ കളറിംഗ് | 30 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | വിഭാഗം – 2 | | | |
| 9 | മാർച്ചിംഗ് സോങ്ങ് (മലയാളം) | 8 മിനുട്ട് | സംഘം | 12 പേർ | ആൺ/പെൺ | |
| 10 | മ്യൂസിക്കൽ ഡിസ്പ്ലേ | 5 മിനുട്ട് | സംഘം | 9 പേർ | ആൺ/പെൺ | 1 |

(*) മേഖലാതല മത്സരത്തിൽ സ്ഥാപനത്തിന് ഓരോ വിഭാഗത്തിലും പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങൾ.

## 15) പട്ടിക 2

### എൽ.പി വിഭാഗം (ക്ലാസ്സ് 1- 4)

| ക്രമ നമ്പർ | മത്സര ഇനം | കൂടിയ സമയം | വ്യക്തിഗതം/ സംഘം | സംഘാംഗങ്ങൾ (പരമാവധി) | ആൺകുട്ടികൾ/ പെൺകുട്ടികൾ | പങ്കെടുക്കാവുന്ന ഇനങ്ങൾ (*) |
|---|---|---|---|---|---|---|
| | **വിഭാഗം – 1** | | | | | |
| 1 | ഖുർആൻ പാരായണം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | നിർബന്ധം |
| 2 | ബാങ്ക് വിളി | | വ്യക്തിഗതം | - | ആൺ | |
| 3 | വായന (ഇംഗ്ലീഷ്) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 3 |
| 4 | മെമ്മറി ടെസ്റ്റ് | | വ്യക്തിഗതം | - | ആൺ/പെൺ | |
| 5 | പദപയറ്റ് (ഇംഗ്ലീഷ്) | - | വ്യക്തിഗതം | - | ആൺ/പെൺ | |
| | **വിഭാഗം – 2** (ഒന്ന് രണ്ട് ക്ലാസുകളിലെ വിദ്യാർഥികൾക്ക് മാത്രം) | | | | | |
| 6 | കഥ പറയൽ (ഇംഗ്ലീഷ്) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 7 | കഥ പറയൽ ( മലയാളം) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 8 | ആംഗ്യപാട്ട് (ഇംഗ്ലീഷ്) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 5 |
| 9 | ആംഗ്യപാട്ട് (മലയാളം) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 10 | ക്രയോൺ കളറിംഗ് | 30 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 11 | മാർച്ചിംഗ് സോംഗ് | 8 മിനുട്ട് | സംഘം | 12 പേർ | ആൺ/പെൺ | |
| | **വിഭാഗം – 3** | | | | | |
| 12 | ഇസ്‌ലാമിക ഗാനം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 13 | പദ്യം ചൊല്ലൽ (ഇംഗ്ലീഷ്) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 4 |
| 14 | പദ്യം ചൊല്ലൽ (മലയാളം) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 15 | പദ്യം ചൊല്ലൽ (അറബി) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 16 | മോണോആക്ട് | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | **വിഭാഗം – 4** | | | | | |
| 17 | ചിത്രരചന (പെൻസിൽ) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 18 | കൈയെഴുത്ത് (ഇംഗ്ലീഷ്) | 15 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 2 |
| 19 | കൈയെഴുത്ത് (അറബി) | 15 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | **വിഭാഗം – 5** | | | | | |
| 20 | സംഘഗാനം (മലയാളം) | 5 മിനുട്ട് | സംഘം | 6 പേർ | ആൺ | |
| 21 | സംഘഗാനം (അറബി) | 5 മിനുട്ട് | സംഘം | 6 പേർ | ആൺ | |
| 22 | ദഫ് മുട്ട് | 8 മിനുട്ട് | സംഘം | 10 പേർ | പെൺ | 2 |

(*) മേഖലാതല മത്സരത്തിൽ സ്ഥാപനത്തിന് ഓരോ വിഭാഗത്തിലും പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങൾ.

## 16 പട്ടിക 3

### യു. പി വിഭാഗം(ക്ലാസ്സ് 5,6,7)

| ക്രമ നമ്പർ | മത്സര ഇനം | കൂടിയ സമയം | വ്യക്തിഗതം/ സംഘം | സംഘാംഗങ്ങൾ (പരമാവധി) | ആൺകുട്ടികൾ/ പെൺകുട്ടികൾ | പങ്കെടുക്കാവുന്ന ഇനങ്ങൾ (*) |
|---|---|---|---|---|---|---|
| | | | **വിഭാഗം – 1** | | | |
| 1 | ഖുർആൻ പാരായണം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | നിർബന്ധം |
| 2 | ഹിഫ്ള് | - | വ്യക്തിഗതം | - | ആൺ/പെൺ | |
| 3 | ബാങ്കുവിളി | - | വ്യക്തിഗതം | - | ആൺ | |
| 4 | വായന (അറബി) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 3 |
| 5 | പദപയറ്റ് (അറബി) | - | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | **വിഭാഗം – 2** | | | |
| 6 | പദ്യംചൊല്ലൽ (ഇംഗ്ലീഷ്) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 7 | പദ്യം ചൊല്ലൽ (മലയാളം) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 8 | പദ്യം ചൊല്ലൽ (ഹിന്ദി) | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 4 |
| 9 | ഇസ്ലാമികഗാനം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 10 | അറബി ഗാനം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | **വിഭാഗം – 3** | | | |
| 11 | പ്രസംഗം (മലയാളം) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 12 | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 3 |
| 13 | പ്രസംഗം (അറബി) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 14 | കഥാപ്രസംഗം | 10 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | **വിഭാഗം – 4** | | | |
| 15 | ചിത്രരചന (പെൻസിൽ) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 16 | ചിത്രരചന (ജലച്ചായം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 17 | കൈയെഴുത്ത് (ഇംഗ്ലീഷ്) | 20 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 4 |
| 18 | കൈയെഴുത്ത് (അറബി) | 20 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 19 | അടിക്കുറിപ്പ് മത്സരം | 20 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | **വിഭാഗം – 5** | | | |
| 20 | സംഘഗാനം (മലയാളം) | 5 മിനുട്ട് | സംഘം | 6 പേർ | പെൺ | |
| 21 | മൈം | 5 മിനുട്ട് | സംഘം | 5 പേർ | ആൺ | 2 |
| 22 | ദഫ്മുട്ട് | 8 മിനുട്ട് | സംഘം | 10 പേർ | ആൺ | |

(*) മേഖലാതല മത്സരത്തിൽ സ്ഥാപനത്തിന് ഓരോ വിഭാഗത്തിലും പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങൾ.

## 17) പട്ടിക 4

### ഹൈസ്കൂൾ വിഭാഗം(ക്ലാസ്സ് 8,9,10)

| ക്രമ നമ്പർ | മത്സര ഇനം | കൂടിയ സമയം | വ്യക്തിഗതം/ സംഘം | സംഘാംഗങ്ങൾ (പരമാവധി) | ആൺകുട്ടികൾ/ പെൺകുട്ടികൾ | പങ്കെടുക്കാവുന്ന ഇനങ്ങൾ (*) |
|---|---|---|---|---|---|---|
| | | | വിഭാഗം – 1 | | | |
| 1 | ഖുർആൻ പാരായണം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | നിർബന്ധം |
| 2 | ഹിഫ്ള് | പരിധിയില്ല | വ്യക്തിഗതം | - | ആൺ/പെൺ | 2 |
| 3 | മാപ്പിളപാട്ട് | 5മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | വിഭാഗം – 2 | | | |
| 4 | ഉപന്യാസം (മലയാളം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | 6 |
| 5 | ഉപന്യാസം (ഇംഗ്ലീഷ്) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 6 | ഉപന്യാസം (അറബി) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 7 | കവിതാ രചന (മലയാളം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 8 | കവിതാ രചന ( ഇംഗ്ലീഷ്) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 9 | കഥാരചന (ഇംഗ്ലീഷ്) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 10 | കഥാരചന (മലയാളം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | വിഭാഗം – 3 | | | |
| 11 | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 4 |
| 12 | പ്രസംഗം (മലയാളം) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 13 | പ്രസംഗം (അറബി) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 14 | മിമിക്രി | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 15 | കഥാപ്രസംഗം | 10 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | വിഭാഗം – 4 | | | |
| 16 | കാർട്ടൂൺ രചന | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | 3 |
| 17 | ചിത്രരചന (ജലച്ചായം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 18 | ചിത്രരചന (പെൻസിൽ) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 19 | പോസ്റ്റർ നിർമ്മാണം | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | വിഭാഗം – 5 | | | |
| 20 | സംഘഗാനം (അറബി) | 5 മിനുട്ട് | സംഘം | 6 പേർ | ആൺ/പെൺ | 4 |
| 21 | കോൽക്കളി | 10 മിനുട്ട് | സംഘം | 12 പേർ | ആൺ | |
| 22 | നാടൻപാട്ട് | 10 മിനുട്ട് | സംഘം | 10 പേർ | ആൺ/പെൺ | |
| 23 | നാടകം (ഏകാങ്കം) | 20 മിനുട്ട് | സംഘം | 8 പേർ | ആൺ | |
| 24 | സംഗീത ശില്പം | 10 മിനുട്ട് | സംഘം | 8 പേർ | ആൺ | |

(*) മേഖലാതല മത്സരത്തിൽ സ്ഥാപനത്തിന് ഓരോ വിഭാഗത്തിലും പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങൾ.

## 18) പട്ടിക 5

### ഹയർ സെക്കന്ററി വിഭാഗം (ക്ലാസ്സ് +1,+2)

| ക്രമ നമ്പർ | മത്സര ഇനം | കൂടിയ സമയം | വ്യക്തിഗതം/ സംഘം | സംഘാംഗങ്ങൾ (പരമാവധി) | ആൺകുട്ടികൾ/ പെൺകുട്ടികൾ | പങ്കെടുക്കാവുന്ന ഇനങ്ങൾ (*) |
|---|---|---|---|---|---|---|
| | | | **വിഭാഗം – 1** | | | |
| 1 | ഖുർആൻ പാരായണം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | നിർബന്ധം |
| 2 | ഹിഫ്ള് | പരിധിയില്ല | വ്യക്തിഗതം | - | ആൺ/പെൺ | 2 |
| 3 | മാപ്പിളപ്പാട്ട് | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | **വിഭാഗം – 2** | | | |
| 4 | ഉപന്യാസം (മലയാളം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 5 | ഉപന്യാസം (ഇംഗ്ലീഷ്) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 6 | ഉപന്യാസം (അറബി) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 7 | കവിതാ രചന (മലയാളം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | 6 |
| 8 | കവിതാ രചന ( അറബി) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 9 | കവിതാ രചന ( ഇംഗ്ലീഷ്) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 10 | കഥാരചന (ഇംഗ്ലീഷ്) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 11 | കഥാരചന (മലയാളം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | **വിഭാഗം – 3** | | | |
| 12 | മോണോ ലോഗ് | 10 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 13 | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 14 | പ്രസംഗം (മലയാളം) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 15 | പ്രസംഗം (അറബി) | 5 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | 4 |
| 16 | മിമിക്രി | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| 17 | ലളിത ഗാനം | 4 മിനുട്ട് | വ്യക്തിഗതം | - | ആൺ/പെൺ | |
| | | | **വിഭാഗം – 4** | | | |
| 18 | കാർട്ടൂൺ രചന | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 19 | ചിത്രരചന (ജലച്ചായം) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | |
| 20 | ചിത്രരചന (പെൻസിൽ) | 1 മണിക്കൂർ | വ്യക്തിഗതം | - | ആൺ/പെൺ | 2 |
| | | | **വിഭാഗം – 5** | | | |
| 21 | സംഘഗാനം (മലയാളം) | 5 മിനുട്ട് | സംഘം | 6 പേർ | ആൺ/പെൺ | |
| 22 | കോൽക്കളി | 10 മിനുട്ട് | സംഘം | 12 പേർ | ആൺ | 2 |
| 23 | നാടൻപാട്ട് | 10 മിനുട്ട് | സംഘം | 10 പേർ | ആൺ/പെൺ | |
| 24 | നാടകം (ഏകാങ്കം) | 20 മിനുട്ട് | സംഘം | 8 പേർ | ആൺ | |

(*) സംസ്ഥാതല മത്സരത്തിൽ സ്ഥാപനത്തിന് ഓരോ വിഭാഗത്തിലും പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങൾ.

## 19) പങ്കെടുക്കുന്ന സ്ഥാപനങ്ങൾ

### ദക്ഷിണമേഖല

| No. | Aff.No. | Name of Institution | Category |
|---|---|---|---|
| 1 | 40/ES2 | അൽമനാർ പബ്ലിക് സ്കൂൾ, ഈരാറ്റുപേട്ട.................... | .KG, LP, UP, HS,HSS |
| 2 | 50/ES4 | നാഷണൽഹുദാസെന്ററൽ സ്കൂൾ, ഒരുമനയൂർ................ | KG, LP, UP, HS |
| 3 | 41/MMS7 | ക്രസന്റ് റസിഡൻഷ്യൽ ഹൈസ്ക്കൂൾ, തിരുവനന്തപുരം | KG, LP, UP, HS |
| 4 | 46/MMS8 | വിദ്യാസദനം നേഴ്സറി & പ്രൈമറി സ്കൂൾ, മുടിക്കൽ......... | KG, LP |
| 5 | 158/ES8 | അൻസാർ ഇംഗ്ലീഷ്സ്കൂൾ, പെരുമ്പിലാവ് ............... | KG, LP, UP, HS,HSS |
| 6 | 47/MMS9 | എം.ഐ.ടി. ഹൈസ്കൂൾ, എറിയാട് ........................................... | KG, LP, UP |
| 7 | 48/MMS10 | ഐ.എസ്.ടി. യു.പി. സ്കൂൾ, മാള ................................................ | KG, LP, UP |
| 8 | 177/ES10 | അൻസാർ ഇംഗ്ലീഷ് സ്കൂൾ പടിഞ്ഞാറങ്ങാടി .................... | KG, LP |
| 9 | 163/MMS11 | എം.ഐ.ഇ.ടി. ഹൈസ്കൂൾ, മുവ്വാറ്റുപുഴ .................................. | KG, LP, UP,HS |
| 10 | 184/ES11 | ഇസ്ലാമിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പുതുനഗരം ............. | KG, LP, UP |
| 11 | 235/ES16 | ഹുദാട്രെസ്റ്റ് ഇംഗ്ലീഷ്സ്കൂൾ, കുമാരപുരം, ഹരിപ്പാട് ............. | KG, LP, UP |
| 12 | 228/MMS19 | ഇസ്ലാമിക് ഓറിയന്റൽ ഹൈസ്കൂൾ, കരിങ്ങനാട് .............. | KG, LP, UP, HS |
| 13 | 248/MMS20 | ഇസ്ലാമിക് നഴ്സറി&യു.പി.എസ്. മന്നം-പറവൂർ .................... | KG, LP, UP |
| 14 | 301/ES25 | മോഡൽസെന്ററൽ സ്കൂൾ, ആലത്തൂർ .................................... | KG, LP, UP,HS |
| 15 | 302/ES26 | അൽ ഇസ്ലാഹ് ഇംഗ്ലീഷ് സ്കൂൾ, കേച്ചേരി ..................... | KG, LP, UP, HS |
| 16 | 304/MMS27 | മോഡൽ ഹൈസ്കൂൾ, പേഴുംകര, പാലക്കാട് .................... | KG, LP,UP,HS |
| 17 | 305/ES27 | കെ.ഐ.ടി. ഇംഗ്ലീഷ് സ്കൂൾ, കായംകുളം ........................... | KG, LP, UP, HS |
| 18 | 325/ES30 | അൽഹുദ ഇംഗ്ലീഷ് സ്കൂൾ, നീർകുന്നം........................... | KG, LP, UP, HS,HSS |
| 19 | 328/ES33 | ഇർശാദ് ഇംഗ്ലീഷ് സ്കൂൾ, മണ്ണാർക്കാട്............................ | KG, LP, UP, HS |
| 20 | 347/ES40 | മൗണ്ട് ഹിറ ഇംഗ്ലീഷ് സ്കൂൾ പട്ടാമ്പി............................................ | KG, LP,UP |
| 21 | 348/ES41 | ഇസ്ലാമിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഒറ്റപ്പാലം ..................... | .....KG, LP |
| 22 | 354/ES43 | ഗ്രേയ്സ് പബ്ലിക് സ്കൂൾ എടവനക്കാട് ...................................... | KG, LP, UP |

## മധ്യമേഖല

| No. | Aff.No. | Name of Institution | Category |
|---|---|---|---|
| 1 | 19/MMS1 | ടി.ഐ.സി. സെക്കന്ററി സ്കൂൾ, തിരൂർ...................................... | KG,LP,UP, HS |
| 2 | 21/MMS3 | ഇസ്ലാമിക് റസിഡൻഷ്യൽ ഹൈസ്കൂൾ, എടയൂർ.......... | KG, LP, UP, HS |
| 3 | 26/MMS5 | വിമൻസ് ഇസ്ലാമിയ കോളെജ് ഹൈസ്കൂൾ, വണ്ടൂർ.................... | HS,HSS |
| 4 | 53/ES6 | മർക്കസുൽ ഉലൂം ഇംഗ്ലീഷ് സ്കൂൾ, കൊണ്ടോട്ടി..... | KG, LP, UP, HS,HSS |
| 5 | 176/ES9 | അൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ, വെളിയങ്കോട്..................... | KG, LP, UP, HS |
| 6 | 178/MMS13 | ഐ.ഇ.സി. സെക്കണ്ടറി സ്കൂൾ, കൊടിഞ്ഞി......................... | KG, LP UP, HS |
| 7 | 229/ES13 | ഇർശാദ് ഇംഗ്ലീഷ് സ്കൂൾ, മേലാറ്റൂർ............................................ | KG, LP, UP,HS |
| 8 | 232/ES14 | മുബാറക് ഇംഗ്ലീഷ് സ്കൂൾ, മഞ്ചേരി................................ | KG, LP, UP, HS,HSS |
| 9 | 220/MMS17 | റഹ്മാനിയ ഹൈസ്ക്കൂൾ മമ്പാട്.................................. | KG,LP,UP, HS,HSS |
| 10 | 223/MMS18 | ഇസ്ലാമിയ കോളെജ് ഹൈസ്കൂൾ, ശാന്തപുരം............................ | HS,HSS |
| 11 | 273/ES20 | മലബാർ സെന്ററൽ സ്കൂൾ, വലിയപറമ്പ് - മലപ്പുറം......... | KG, LP, UP, HS |
| 12 | 274/ES21 | ദാറുൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ, പൂപ്പലം........... | KG, LP, UP, HS,HSS |
| 13 | 276/MMS22 | ഐഡിയൽ സെക്കണ്ടറി സ്കൂൾ, ധർമ്മഗിരി.......... | KG, LP, UP, HS,HSS |
| 14 | 296/ES23 | അൽഫുർഖാൻ ഇംഗ്ലീഷ് സ്കൂൾ, ശാന്തിവയൽ.......... | KG, LP, UP, HS,HSS |
| 15 | 293/MMS24 | എം.ഇ.ടി. ഹൈസ്കൂൾ, പയ്യനാട്.................................. | KG, LP |
| 16 | 298/ES24 | കാര്യവട്ടം ഇംഗ്ലീഷ് സ്കൂൾ, കാര്യവട്ടം............................ | KG, LP, UP |
| 17 | 294/MMS25 | ഐ.എസ്.എസ്. ഹൈസ്കൂൾ പൊന്നാനി..................... | KG, LP, UP, HS,HSS |
| 18 | 295/MMS26 | ഇസ്ലാമിക് സെന്റർ ഹൈസ്കൂൾ, താനൂർ.................... | KG, LP, UP, HS |
| 19 | 324/ES29 | അൽ ഫാറൂഖ് ഇംഗ്ലീഷ് സ്കൂൾ, പടപ്പറമ്പ്.......................... | KG, LP, UP, HS |
| 20 | 326/ES31 | അൻസാർ ഇംഗ്ലീഷ് സ്കൂൾ, കോലളമ്പ.............................. | KG, LP, UP |
| 21 | 327/ES32 | ഐ.സി.ടി. ഇംഗ്ലീഷ് സ്കൂൾ, പാണ്ടിക്കാട്........................... | KG, LP |
| 22 | 357/ES46 | ഹിറാ ഇംഗ്ലീഷ് സ്കൂൾ തുവ്വൂർ....................................... | KG, LP, UP |
| 23 | 358/ES47 | ഐഡിയൽ പബ്ലിക് സ്കൂൾ കരുവാരക്കുണ്ട്............................... | KG, LP,UP |
| 24 | 359/ES48 | അൽ നൂർ ഇംഗ്ലീഷ് സ്കൂൾ എടപ്പാൾ............................... | KG, LP, UP |
| 25t#t#m359/ES48 | | കരിപ്പൂർ നഴ്സറി സ്കൂൾ കരിപ്പൂർ............................... | KG |

## ഉത്തരമേഖല

| No. | Aff.No. | Name of Institution | Category |
|---|---|---|---|
| 1 | 20/MMS2 | വാദിഹുദാ സെക്കണ്ടറി സ്കൂൾ, പഴയങ്ങാടി............... | LP, UP, HS,HSS |
| 2 | 49/ES3 | വാദിറഹ്മ ഇംഗ്ലീഷ് സ്കൂൾ, കൊടിയത്തൂർ........................... | KG, LP, UP, HS |
| 3 | 51/ES5 | പ്രോഗ്രസ്സീവ് സീനിയർ സെക്കന്ററി സ്കൂൾ, പഴയങ്ങാടി........... | KG, LP, UP, HS,HSS |
| 4 | 156/ES7 | ഐ.എം.ടി. ഇംഗ്ലീഷ് സ്കൂൾ, വാരം, എളയാവൂർ.......... | KG, LP, UP |
| 5 | 211/ES12 | ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ, സു.ബത്തേരി............... | KG, LP, UP, HS, HSS |
| 6 | 234/ES15 | അൽഹുദ ഇംഗ്ലീഷ് സ്കൂൾ, കാഞ്ഞിരോട്................................ | KG, LP, UP |
| 7 | 263/ES17 | ഐഡിയൽ പബ്ലിക്ക് സ്കൂൾ, കുറ്റ്യാടി...................................... | KG, LP, UP, HS |
| 8 | 264/ES18 | അൽഹറമൈൻ ഇംഗ്ലീഷ് സ്കൂൾ, കോഴിക്കോട്, ................. | KG, LP, UP, HS |
| 9 | 272/ES19 | കൗസർ ഇംഗ്ലീഷ് സ്കൂൾ കണ്ണൂർ.................................. | KG, LP, UP, HS |
| 10 | 292/ES22 | പ്ലസന്റ് ഇംഗ്ലീഷ് സ്കൂൾ, ഓമശ്ശേരി............................... | KG, LP, UP, HS, HSS |
| 11 | 280/MMS23 | എ.എം.ഐ. യു.പി സ്കൂൾ, ഇരിക്കൂർ...................... | KG, LP, UP |
| 12 | 323/ES28 | ബ്രൈറ്റ് ഇംഗ്ലീഷ് സ്കൂൾ, തലശ്ശേരി.......................................... | KG, LP,UP |
| 13 | 329/ES34 | അൽഫലാഹ് ഇംഗ്ലീഷ് സ്കൂൾ, പെരിങ്ങാടി............................ | KG, LP,UP |
| 14 | 343/ES36 | അൽ ഇസ്ലാഹ് ഇംഗ്ലീഷ് സ്കൂൾ ചേന്ദമംഗല്ലൂർ........... | KG, LP, UP |
| 15 | 344/ES37 | ഹിറാ ഇംഗ്ലീഷ് സ്കൂൾ ചാലാട് ........................................ | KG, LP,UP |
| 16 | 345/ES38 | ഐ സി ടി പബ്ലിക്ക് സ്കൂൾ മൂഴിക്കൽ......................... | KG, LP |
| 17 | 346/ES | ഐ.സി.ടി ഇംഗ്ലീഷ് സ്കൂൾ , പടന്ന................................................ | KG, LP, UP |
| 18 | 353ES42 | ഡോൺ പബ്ലിക്ക് സ്കൂൾ താമരശ്ശേരി............................................ | KG, LP |
| 19 | 355/ES44 | ഐഡിയൽ ഇംഗ്ലീഷ് സ്കൂൾ കൊടുവള്ളി................................ | KG, LP |
| 20 | 356/ES45 | മൗണ്ട് ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ ഉളിയിൽ........................... | KG, LP, UP,HS |
| 21 | 377/ES | വിദ്യാ സദനം മോഡൽ സ്കൂൾ, പുറക്കാട്............... | LP, UP, HS |
| 22 | 382/ES | ആലിയ സീനിയർ സെക്കന്ററി സ്കൂൾ, കാസർക്കോട്.... | KG, LP, UP, HS,HSS |
| 23 | 383/ES | പ്രോഗ്രസ്സീവ് ഇംഗ്ലീഷ് സ്കൂൾ, പറമ്പത്ത്.................................................... | KG, LP |